ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : അവിടെ പഠിച്ചുകൊണ്ടിരുന്നവരിൽ ആരെങ്കിലും ആസിഡ് കുടിച്ചു മരിച്ചതായി ഗവണ്മെണ്ടു് അറിഞ്ഞിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

ആലുവാ ആശുപത്രി

* ൭൫൫. (൩൫) ശ്രീ. എ. വി. ജോസഫ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി ഈയിടെ ആലുവാ ആശുപത്രി സന്ദർശിക്കുകയുണ്ടായോ ;

(ബി) ആ സന്ദർശനത്തിൽനിന്നും ആലുവാ ആശുപത്രി വളരെ പരിതാപകരമായ നിലയിലാണു് സ്ഥിതിചെയ്യുന്നതെന്നു മനസ്സിലായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതു നന്നാക്കിപ്പണിയുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ :

(എ) മന്ത്രി സന്ദർശിച്ചു.

(ബി) ആശുപത്രിയിലുള്ള ഒരു കെട്ടിടം ഏറ്റവും പരിതാപകരമായ നിലയിലാണു് സ്ഥിതിചെയ്യുന്നതെന്നു മനസ്സിലാക്കിയിട്ടുണ്ടു്.

(സി) അതു നന്നാക്കുന്നതിനുദ്ദേശിച്ചിട്ടുണ്ടു്.

ശ്രീ. എ. വി. ജോസഫ് : അതെന്നത്തേക്കു പണിയണമെന്നാണു് ഉദ്ദേശിക്കുന്നതു് ?

ശ്രീ. എ. ജെ. ജാൺ : എത്രയും വേഗത്തിൽ.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : അതിന്റെ എസ്റ്റിമേറ്റു് ആവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അതുസംബന്ധിച്ചു് ആവശ്യമുള്ള നടപടികളെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. എ. വി. ജോസഫ് : അവിടെനിന്നും ഇതുസംബന്ധിച്ചു വല്ല ധനസഹായവും ആവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : പലരും തരാമെന്നു പറഞ്ഞിട്ടുണ്ടു്. ആരും ഇതേവരെ തന്നിട്ടില്ല.

NEW TAXATION

*759. [36] **Sri. M. I. Paul :** Will the Hon'ble Minister for Finance be pleased to state whether the Government intend to enforce any new taxation to improve the State's revenue; if so, how ?

Sri. A. J. John : The basic tax in Travancore area is raised from 4 cash to 3 pies; the licence fee for foreign liquor is raised by 100 per cent.

ശ്രീ. എം. ഐ. പാഠം : ഇതുകൂടാതെ വല്ല പുതിയ നികുതിയും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

CAPITAL ISSUES

*760. [37] **Sri. Paul Thaliath :** Will the Hon'ble Minister for Finance be pleased to state :

(*a*) whether the Government have any intention to remove partly or completely the control over capital issues;

(*b*) whether the Government is aware that this control was introduced as a war measure;

(*c*) whether the Government is aware that the rules followed in respect of this matter in Cochin Division, Travancore Division and in the Indian Union are different; and

(*d*) if so, whether the Government will co-ordinate the rules in this State at least?

Sri. N. Kunjuraman :

(*a*) "Capital Issues" is a Central subject. Now, the issue of capital is to be governed by the Central Act.

LIBRARY ARCHIVES Kerala Legislative Assembly

(*b*) Yes, control was issued as a war measure.

(*c*) The rules followed in Travancore are different from those in Cochin, but the rules followed in Cochin are the same as those in the Indian Union.

(*d*) Does not arise.

ശ്രീ. പാഠം തളിയത്തു്: ഇനി ക്യാപ്പിറ്റൽ ഇഷ്യൂസിന്റെ കൺട്രോൾ സെൻട്രൽ ഗവമ്മെണ്ടാണോ നീക്കേണ്ടതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: ആയിരിക്കും. ഫൻ്റിം-ലെ വ.വ.-ാംനമ്പർ ആക്ടായി ഇതുസംബന്ധിച്ചു് ഒരു ആക്ടു് ഇൻഡ്യൻ പാർലമെൻറിൽ പാസ്സാക്കിയിട്ടുണ്ടു്. അതു് ഈ സംസ്ഥാനത്തെയും ബാധിക്കും.

ശ്രീ. പാഠം തളിയത്തു്: ഇതുസംബന്ധിച്ചു് ഈ ഗവമ്മെണ്ടു് എന്തെങ്കിലും പരസ്യപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഈ മാസം ഫ്വ-ാംന-യാണു് ഈ ആക്ടു് പാസ്സായതു്. ഇനിമേൽ അങ്ങനെ ഒരു നോട്ടിഫിക്കേഷൻ പബ്ലിഷുചെയ്യുന്നതാണു്.

ശ്രീ. പാഠം തളിയത്തു്: ഈ ആക്ടു് എന്നുമുതല്ലാണു് നടപ്പിൽ വരുന്നതു്; അതു പാസ്സായ തിയ്യതിമുതലോ, അതോ ഏപ്രിൽ ഫ-ാംന- മുതലോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഏപ്രിൽ ഫ-ാംന- മുതല്ലായിരിക്കും.

GOVERNMENT PLEADERS

*761. [38] **Sri. Paul Thaliath:** Will the Hon'ble Chief Minister be pleased to state:—

(*a*) the names of the Government Pleaders appointed after the Integration of the two States;

(b) whether the claim of one who acted once as a Gonernment Pleader was overlooked in spite of the recommendation of the Attorney General; and

(*c*) if so the reason for not accepting that recommendation?

Sri. E. John Philipose:

(*a*) K. Purushothaman Nayar.
K. Sadasivan.
K. Rama Shenoi.
G. Ramachandran Nayar.

(*b*) No.

(*c*) Does not arise.

സാഹിബ്ബ് ബഹദൂർ കെ. എ. മുഹമ്മദ്: ഇതിൽ യാതന അനുഭവിച്ചവരുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: നോട്ടീസുവേണം.

ശ്രീ. എം. ആർ. വേലപ്പൻ: ഗവമ്മെണ്ടു പ്ലീഡറന്മാരെ നിയമിച്ചിട്ടുള്ള സ്ഥലത്തു ചില പ്രത്യേകകേസുകൾ നടത്തുന്നതിലേക്കു സ്പെഷ്യലായി ആരെയെങ്കിലും ഗവമ്മെണ്ടു പ്ലീഡറന്മാരായി നിയമിക്കാവുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: ചിലപ്പോൾ അങ്ങനെ ചെയ്യേണ്ട ആവശ്യം വരും.

ശ്രീ. പാഠം തളിയത്തു്: ഏതാവശ്യത്തിനുവേണ്ടിയാണു് അങ്ങനെ നിയമിക്കുന്നതു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: ഗവമ്മെണ്ടിനു് ആവശ്യമെന്നു തോന്നുമ്പോൾ അങ്ങനെ നിയമിക്കാവുണ്ടു്.

ശ്രീ. സി. സി. പ്രസാദു്: അവിടെ നിയമിതനായിട്ടുള്ള ഗവമ്മെണ്ടു പ്ലീഡറുടെ ത്രാണിക്കുറവിനെയല്ലേ ഇതു കാണിക്കുന്നതു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: ആയിരിക്കണമെന്നില്ല.

Sri. D. Gnanasigamoni: Is it on the ground that Pleader already appointed is incompetent to procede.

Sri. E. John Philipose: No.

ശ്രീ. സി. പി. ഇയ്യു: പ്രാക്ടീസുള്ള വക്കീലന്മാർ ഈ തുച്ഛമായ ശമ്പളവും വാങ്ങിച്ചുകൊണ്ടു ഗവമ്മെണ്ടു പ്ലീഡർജോലി നോക്കുന്നതിൽനിന്നോ, അവർ പ്രാക്ടീസുചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly